**വിവരാവകാശം / മറുപടി**

നമ്പർ: G2-8560/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 16.07.2018.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

സി.വി.ശ്രീജിത്
TC 16/1745, ULRA-55
ഉള്ളൂർ ലെയ്ൻ
ജഗതി, തിരുവനന്തപുരം-14
9447286404.

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: 27.6.18 തീയതിയിലെ താങ്കളുടെ അപേക്ഷ.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ ആവശ്യപ്പെട്ട മറുപടി ചുവടെ ചേർക്കുന്നു.

1. 2018 മാർച്ച് 31 കണക്കാക്കി സംസ്ഥാനത്ത് സർക്കാർ അംഗീകാരമുള്ള വൃദ്ധസദനങ്ങളുടെ എണ്ണം ജില്ല തിരിച്ച് Orphanage Control Board-ൽ നിന്നും താങ്കൾക്ക് ലഭിക്കുന്നതാണ്.
2. സർക്കാർ അംഗാരമുള്ള വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ വിശദാംശങ്ങൾ ഈ സ്ഥാപനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്.
3. സർക്കാർ അംഗീകാരമില്ലാത്ത വൃദ്ധസദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽ പെടുന്ന പക്ഷം Orphanage Control Board-ൽ രജിസ്ട്രേഷൻ ചെയ്യുന്നതാണ്.
4. 2018 മാർച്ച് 31 കണക്കാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ആകെ സർക്കാർ വൃദ്ധസദനങ്ങൾ - 16
തിരുവനന്തപുരം - 2, കൊല്ലം - 1, പത്തനംതിട്ട - 1, ആലപ്പുഴ - 1, കോട്ടയം - 1, എറണാകുളം -2, ഇടുക്കി-1, തൃശ്ശൂർ-1, മലപ്പുറം-1, കോഴിക്കോട്-1, കണ്ണൂർ-1, പാലക്കാട്-1, വയനാട്-1, കാസർഗോഡ്-1.

മേൽ ജില്ലകളിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം ആൺ, പെൺ വേർതിരിച്ച് ചുവടെ ചേർക്കുന്നു.

*db@18*

**സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ വിശദവിവരം**
**30.6.2018ലെ കണക്കുകൾ പ്രകാരം**

| ക്രമ നം. | വൃദ്ധസദനം | ആകെ താമസക്കാർ | അനുവദിക്കപ്പെട്ട എണ്ണം | പുരുഷൻ | സ്ത്രീ |
|---|---|---|---|---|---|
| 1. | കെയർഹോം<br>പുലയനാർകോട്ട,തിരുവനന്തപുരം,<br>PH:2440747 | 98 | 100 | 56 | 42 |
| 2. | ഡേ കെയർ സെന്റർ<br>പൂജപ്പുര തിരുവനന്തപുരം,<br>ഫോ: 0471-2340566 | 40 | 25 | 0 | 40 |
| 3. | വൃദ്ധസദനം<br>ഇഞ്ചവിള, പെരിനാട്, കൊല്ലം<br>ഫോൺ: 0474-2701516 | 78 | 100 | 45 | 33 |
| 4. | വൃദ്ധസദനം<br>വയലത്തല, പത്തനംതിട്ട<br>Ph: 0473-5246558 | 45 | 100 | 21 | 24 |
| 5. | വൃദ്ധസദനം<br>HPH, മായിത്തറ, ആലപ്പുഴ<br>Ph: 0478-2157696 | 26 | 25 | 14 | 12 |
| 6. | വൃദ്ധസദനം<br>തിരുവഞ്ചൂർ, കോട്ടയം. | 29 | 100 | 13 | 16 |
| 7. | വൃദ്ധസദനം<br>തേവര, കൊച്ചി, ഫോ: 0484-2663641 | 42 | 100 | 18 | 24 |
| 8. | ഡിമെൻഷ്യ കെയർ സെന്റർ<br>എടവനക്കാട്, എറണാകുളം<br>Ph: 0484-2506990 | 20 | 25 | 9 | 7 |
| 9. | വൃദ്ധസദനം<br>രാമവർമ്മപുരം, തൃശ്ശൂർ<br>Ph: 0487-2693734 | 75 | 125 | 22 | 53 |
| 10. | വൃദ്ധസദനം<br>തവനൂർ, മലപ്പുറം, Ph: 0494-2698822 | 82 | 100 | 49 | 33 |
| 11. | വൃദ്ധസദനം<br>വെള്ളിമാടുകുന്ന്, കോഴിക്കോട്<br>ഫോ: 0495-2731111 | 80 | 100 | 43 | 37 |
| 12. | വൃദ്ധമന്ദിരം<br>അഴീക്കോട്, കണ്ണൂർ<br>Ph: 0497-2771300 | 68 | 100 | 31 | 37 |

| | | | | | |
|---|---|---|---|---|---|
| 13. | വൃദ്ധമന്ദിരം<br>HPH ഇടുക്കി. ഫോ: 0486-2211024 | 34 | 100 | 20 | 14 |
| 14. | വൃദ്ധമന്ദിരം<br>HPH, കൊടുവായൂർ, പാലക്കാട്<br>Ph: 0492-3251341 | 25 | 25 | 14 | 11 |
| 15. | വൃദ്ധമന്ദിരം<br>HPH, കണിയാമ്പറ്റ, വയനാട്<br>Ph: 0493-6285900 | 26 | 50 | 20 | 6 |
| 16. | വൃദ്ധമന്ദിരം<br>പരവനടുക്ക<br>കാസർഗോഡ്<br>Ph: 0499-4239726 | 49 | 100 | 24 | 25 |
| | ആകെ | 817 | | 401 | 416 |

അന്തേവാസികളുടെ പ്രായം അന്തേവാസികൾ എത്തിയ വർഷം എന്നിവ ഈ കാര്യാലയത്തിൽ ക്രോഡികരിച്ചു സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദാംശങ്ങൾ വൃദ്ധസദന സൂപ്രണ്ടുമാർ മുഖേന ലഭ്യമാക്കുന്നതാണ്.

5. 2010 മുതൽ 2018 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് തെരുവിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ വൃദ്ധജനങ്ങളുടെ വിവരം ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദാംശങ്ങൾ സർക്കാർ വൃദ്ധസദന സൂപ്രണ്ടുമാർ മുഖേന താങ്കൾക്ക് ലഭിക്കുന്നതാണ്.
6. 2008 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയുള്ള കാലയളവിൽ വൃദ്ധസദനങ്ങൾക്കും അന്തേവാസികൾക്കും വേണ്ടി ചെലഴിച്ച തുക ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിശദാംശങ്ങൾ വൃദ്ധസദന സൂപ്രണ്ടുമാരിൽ നിന്നും നേരിട്ടും അപേക്ഷകനു ലഭിക്കുന്നതും Orphanage Control Board അംഗീകാരമുള്ള വൃദ്ധസദനങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അതാത് ജില്ലാ ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസുകളുടെ മേൽ വിലാസം ഉള്ളടക്കം ചെയ്യുന്നു.

മേൽ മറുപടിയിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിക്ക് പരാതി നൽകാവുന്നതാണ്. ഒന്നാം അപ്പീൽ അധികാരിയുടെ മേൽവിലാസം.

ശ്രീ.കെ.കെ.സുരേന്ദ്രകുമാർ,
അഡീഷണൽ ഡയറക്ടർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
5- ാം നില വികാസ്ഭവൻ
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

SUBASH KUMAR

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18